**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2321** **05-02-2026 - ൽ മറുപടിയ്ക്ക്**

**ഗ്രാമപഞ്ചായത്ത് മെമ്പർമാർക്കും കൗൺസിലർമാർക്കുമുള്ള റിഫ്രഷ്മെന്റ് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | വാർഡ് സഭകളും ഗ്രാമസഭകളും ചേരുന്നതിന് ഗ്രാമപഞ്ചായത്ത് മെമ്പർമാർക്കും കൗൺസിലർമാർക്കും റിഫ്രഷ്മെന്റ് ഇനത്തിൽ വേണ്ടി വരുന്ന ചെലവ് തനത് ഫണ്ടിൽ നിന്ന് നൽകാൻ വ്യവസ്ഥയുണ്ടോ; | (എ) | വാർഡ് സഭകളും ഗ്രാമസഭകളും ചേരുമ്പോൾ റിഫ്രഷ്മെന്റ് ഇനത്തിൽ ചെലവുകൾ ഉണ്ടാകുകയാണെങ്കിൽ അത്തരം ചെലവുകൾ തനത് ഫണ്ടിൽ നിന്ന് നൽകാവുന്നതാണ്. |
| (ബി) | വാർഡ്/ ഗ്രാമസഭകളിൽ മിനിറ്റ്സ് തയ്യാറാക്കുന്നതിനായുള്ള ചുമതല ആർക്കാണ്; വിശദമാക്കാമോ? | (ബി) | വാർഡ് സഭ/ഗ്രാമസഭ യോഗത്തിന്റെ തീരുമാനങ്ങൾ അപ്പോൾ തന്നെ എഴുതി തയ്യാറാക്കി വാർഡ് സഭ/ ഗ്രാമസഭ അദ്ധ്യക്ഷൻ, കൺവീനർ, ഉദ്യോഗസ്ഥർ, വാർഡ് സഭ/ഗ്രാമസഭ യോഗത്തിൽ പങ്കെടുത്ത 15 പേർ എന്നിവരുടെ ഒപ്പ് രേഖപ്പെടുത്തി സെക്രട്ടറിയെ ഏൽപ്പിക്കേണ്ട ചുമതല വാർഡ് സഭ/ഗ്രാമസഭ കോ-ഓർഡിനേറ്ററുടേതാണ്. തദ്ദേശഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥർ, ഘടക സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, എന്നിവരിൽ ഒരാളെയാണ് വാർഡ് സഭ/ഗ്രാമസഭ കോഓർഡിനേറ്ററായി ഭരണസമിതി നിശ്ചയിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ